## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. *87 — 08.03-2012-ൽ മറുപടിയ്ക്ക്

### ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡോ. എൻ.ജയരാജ്:<br>ശ്രീ. പി.സി.ജോർജ്ജ് :<br>ശ്രീ.റോഷി അഗസ്റ്റിൽ: | ശ്രീ.ഷിബു ബേബിജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ)സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര എ.പി.എൽ. ബി.പി.എൽ. കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്; | (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 36,951 എ.പി.എൽ. കുടുംബങ്ങളെയും 27,64,005 ബി.പി.എൽ. കുടുംബങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇതിൽ എത്ര കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) ഇതുവരെ സംസ്ഥാനത്ത് ആകെ 10.9 ലക്ഷം കുടുംബങ്ങൾക്കാണ് പദ്ധതി പ്രകാരമുള്ള ചികിത്സാ ആനുകൂല്യം ലഭിച്ചത്. |
| (സി) യഥാസമയം ഇൻഷ്വറൻസ് കാർഡ് പുതുക്കാത്തതുമൂലം എത്ര എ.പി.എൽ. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി ആനുകൂല്യങ്ങൾ നഷ്ടമായിട്ടുണ്ട്; | (സി) 4.68 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്കും 1.05 ലക്ഷം എ.പി.എൽ.കുടുംബങ്ങൾക്കുമാണ് സ്മാർട്ട് കാർഡ് പുതുക്കാത്തതുമൂലം പദ്ധതി ആനുകൂല്യങ്ങൾ നഷ്ടമായിട്ടുള്ളത്. |

(ഡി) ഇൻഷ്വറൻസ് കാർഡ് യഥാസമയം പുതുക്കുവാൻ സാധിക്കാത്തവർക്ക് കാർഡ് പുതുക്കി ആനുകൂല്യങ്ങൾക്ക് അർഹരാക്കുവാൻ നടപടി സ്വീകരിക്കുമോ?

(ഡി) ഇൻഷ്വറൻസ് കാർഡ് യഥാസമയം പുതുക്കുവാൻ കഴിയാത്ത കുടുംബങ്ങൾക്ക് പുതിയ കാർഡ് ലഭ്യമാക്കുന്നതിന് ഡിസംബർ 1 മുതൽ 31 വരെ സംസ്ഥാനത്തെ എല്ലാ അക്ഷയ സെന്ററുകൾ വഴിയും പേരു രജിസ്റ്റർ ചെയ്യുന്നതിന് അവസരം നൽകിയിരുന്നു. ഇപ്രകാരം രജിസ്റ്റർ ചെയ്ത കുടുംബങ്ങൾക്ക് സ്മാർട്ട് കാർഡ് നൽകുന്ന നടപടി ക്രമങ്ങൾ പുരോഗമിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ